(ബി) 7-ാം പദ്ധതിയുടെ വരുന്ന വർഷങ്ങളിൽ പുതിയ ഐ. സി.ഡി. എസ്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അഴുത ബ്ലോക്കിന്റെ കാര്യവും പരിഗണിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) തളിക്കുളം, മാടപ്പള്ളി, തിരൂരങ്ങാടി, കാസർകോട്, പുളിക്കീഴ്, ചിറ്റൂമല എന്നീ ബ്ലോക്കുകളിലാണ് 1985-86 വർഷത്തിൽ ഐ.സി.ഡി. എസ്. പദ്ധതി നടപ്പിലാക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## II. അടിയന്തിര പ്രമേയം

### കൊരട്ടി മധുര കോട്ട്സ് കമ്പനിയിലുണ്ടായ വിഷവാതക ചോർച്ച

മി. സ്പീക്കർ: കൊരട്ടിയിലുള്ള മധുര കോട്ട്സ് കമ്പനിയിൽ 17-2-1985-ന് രാത്രി വിഷവാതക ചോർച്ച ഉണ്ടായതിനെത്തുടർന്ന് 14 തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നതു സംബന്ധിച്ച് ആ പ്രദേശത്ത് നിലവിലുള്ളതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ.ജെ. ജോർജ്ജ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a.m.]

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): മധുര കോട്ട്സ് കമ്പനിയിലെ പ്ലാന്റ് ക്ലീൻചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരുന്ന അവസരത്തിലാണ് അതിന്റെ അടുത്തുണ്ടായിരുന്ന ഏതാനും ആളുകൾക്ക് തലവേദനയും ഛർദ്ദിയും അനുഭവപ്പെട്ടത്. 26 ആളുകളെ ഉടൻ തന്നെ ആശുപത്രിയിലേക്ക് അയച്ചു. ഫസ്റ്റ് എയിഡ് നൽകി ആശുപത്രിയിൽ നിന്നും അവരെ വിട്ടയച്ചു. അവർക്ക് യാതൊരു അസുഖവുമില്ലെന്നാണ് ആശുപത്രിയിൽനിന്ന് കിട്ടിയ റിപ്പോർട്ട്. താലൂക്ക് ഹെഡ്കാർട്ടേഴ്സ് ഹോസ്പിറ്റൽ (ചാലക്കുടി), ജയ മാതാ ഹോസ്പിറ്റൽ (കൊരട്ടി), ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, (അങ്കമാലി), ഈ മൂന്ന് ആശുപത്രികളിലേയ്ക്കാണ് അവരെ അയച്ചത്. പ്രാഥമിക ശുശ്രൂഷകൾക്കുശേഷം അവർക്ക് പ്രത്യേക രോഗമൊന്നുമില്ലെന്ന് കണ്ടതിനെത്തുടർന്ന് അവരെ ഡിസ്ചാർജ്ജ് ചെയ്തിരിക്കുകയാണ്. ഏതായാലും ഇതിന്റെ കാരണം എന്താണെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുന്നതാണ്.

ശ്രീ. കെ.ജെ. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഇപ്പോൾ മറുപടി പറഞ്ഞത്. ഈ സഭ കൂടിയതിനുശേഷം രണ്ടുമൂന്ന് സ്ഥലത്തെ വിഷവാതകച്ചോർച്ചയെ സംബന്ധിച്ച് ചർച്ചചെയ്തു. മധുര കോട്ട്സ് കമ്പനിയിൽതന്നെ എട്ട് മാസത്തിനുമുമ്പ് വിഷവാതകച്ചോർച്ചയുണ്ടായി. 48 തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇങ്ങനെയുള്ള സമയത്ത് കൊരട്ടി കമ്പനി മാനേജുമെന്റ് കാര്യമായ ശുശ്രൂഷാ പ്രവർത്തനങ്ങളോ അടിയന്തിരമായി ആശുപത്രിയിലേക്ക് പ്രവേശിപ്പിക്കാനുള്ള നടപടികളോ സ്വീകരിക്കാറില്ല. അത് ഇപ്രാവശ്യവും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് പരാതി. അവിടെ മിന്നൽ പണിമുടക്കിനുള്ള ശ്രമം ഉണ്ടായതാണ്. മറ്റുള്ളവർ ഇടപെട്ട് അത് നിർത്തി. അന്ന് തൊഴിൽ വകുപ്പു മന്ത്രി നഷ്ടപരിഹാരം കൊടുക്കുമെന്ന് പറഞ്ഞു. പക്ഷേ ഒന്നും കൊടുത്തിട്ടില്ല. നയപരമായി ഈ ഗവൺമെൻറ് ഒരു പ്രസ്താവന ചെയ്ത് സമാധാനിപ്പിക്കുകയാണ് ചെയ്യുന്നത്. കേരള സംസ്ഥാനത്തിലുള്ള ജനങ്ങളെ മുഴുവൻ വിഷവാതകച്ചോർച്ച കൊണ്ട് അപകടപ്പെടുത്തി മരിപ്പിക്കാനുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നെടുമങ്ങാട് ഹൈസ്കൂളിൽ നടന്നത് അതാണ്. ഈ സംസ്ഥാനത്തെ എല്ലാ ഭാഗത്തും വിഷവാതകച്ചോർച്ചയുണ്ടാക്കി ആളുകളെ അപകടപ്പെടുത്താനുള്ള പ്രവർത്തനം നടക്കുന്നു. ഗവൺമെൻറ് കാര്യമായി ഒന്നുംതന്നെ ചെയ്യുന്നില്ല. അതുകൊണ്ടാണ് ഇങ്ങനെ ആവർത്തിച്ചാവർത്തിച്ചുണ്ടാകുന്നത്. ഇങ്ങനെ വരാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. കുറ്റക്കാരെ ശിക്ഷിക്കണം. നടപടി സ്വീകരിക്കുമെന്ന് പറയുന്നതല്ലാതെ അവരെ ശിക്ഷിക്കുന്ന യാതൊരു നടപടിയും ഇവിടെ ഉണ്ടായിട്ടില്ല. പരിശോധിക്കാൻ ഇൻസ്പെക്ടർ അവിടെപോയി അന്വേഷിച്ചാൽ അയാൾക്ക് കിട്ടേണ്ട കാശ് കിട്ടികഴിഞ്ഞാൽ പരിശോധിക്കാതെ മടങ്ങിപ്പോകും. എട്ടുമാസംമുമ്പ് ഇത്തരം സംഭവം നടന്നപ്പോഴും ഇൻസ്പെക്ടർ പോയി അന്വേഷിച്ചു. മാറ് ഉദ്യോഗസ്ഥൻമാർ പോയി അന്വേഷിച്ചു. അവർക്ക് കിട്ടേണ്ടത് കിട്ടിയപ്പോൾ അവർ മടങ്ങി. തൊഴിലാളികൾ നിരാശരായി. അവർക്ക് യാതൊന്നും കൊടുക്കുകയില്ല. തൊഴിലാളികളെ സംരക്ഷിക്കുന്നില്ല. അവരുടെ ജീവൻ പന്താടുകയാണ്. തമിഴ്നാട്ടിലെ മാനേജ്മെൻറ് കേരളീയരായ തൊഴിലാളികളുടെ ജീവൻ പന്താടി സമ്പത്ത് കുന്നുകൂട്ടി തമിഴ്നാട്ടിലേക്ക് കൊണ്ടുപോകാനുള്ള പരിശ്രമമാണ് നടത്തുന്നത്. ഈ കമ്പനിയിലെ തൊഴിലാളികൾക്ക് സുരക്ഷിതത്വബോധമില്ല. എല്ലാ സന്ദർഭത്തിലും വിഷവാതകച്ചോർച്ച വന്നുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിന് യാതൊരു മാർഗ്ഗവുമില്ല. മുഖ്യമന്ത്രി എത്ര ഉറപ്പ് പറഞ്ഞാലും ഈ വക കാര്യങ്ങളൊന്നും നടക്കുന്നില്ല. സഭാനടപടികൾ നിർത്തിവച്ച് ഈ കാര്യത്തെപ്പറ്റി ചർച്ചചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ആവേശത്തിൽ സംസാരിക്കുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉള്ള വ്യവസായമെങ്കിലും പോകാതിരിക്കാൻ ശ്രദ്ധിക്കണം. ഈ കാര്യത്തിൽ ഉടൻതന്നെ ഡോക്ടർമാരെ അയച്ച് ആവശ്യമായ നടപടി സ്വീകരിച്ചു. ഗ്യാസ് പ്ലാൻറ് ക്ലീൻ ചെയ്യുന്ന ഒരൊറ്റ തൊഴിലാളിക്കും യാതൊന്നും സംഭവിച്ചില്ല. കുറച്ച് അകലെനിന്ന തൊഴിലാളികൾക്കാണ് അസുഖം തോന്നിയത്. ഉടൻതന്നെ മെഡിക്കൽ ചെക്കപ്പിന് അയച്ചു. പ്രാഥമിക ശുശ്രൂഷ നൽകി അവരെ വിട്ടയച്ചു. കോമ്പൻസേഷനെക്കുറിച്ച് പറഞ്ഞു. വിഷമം വന്ന ആളുകളെ പരമാവധി സഹായിക്കുന്നതിന് ഗവൺമെൻറ് എപ്പോഴും തയ്യാറാണ്. ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്. അവിടെ പ്രത്യേക സാഹചര്യം നിലവിലില്ലാത്തതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൻറെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly